# പതിനാലാം കേരള നിയമസഭ

# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **29.01.2019 ൽ മറുപടിക്ക്**

**ചോദ്യം നം. 529**

**നിർമ്മാണമേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) കരിങ്കല്ലും മെറ്റലും അടക്കമുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും വിലക്കയറ്റവും നിർമ്മാണമേഖലയെ എപ്രകാരമാണ് പ്രതികൂലമായി ബാധിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) കരിങ്കല്ലും മെറ്റലും അടക്കമുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും വിലക്കയറ്റവും നിർമ്മാണമേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 02.12.2016 ലെ ബഹു. സുപ്രീംകോടതി ഉത്തരവ് പ്രകാരം കരിങ്കല്ല്, ചെങ്കല്ല്, കളിമണ്ണ്, മണ്ണ് തുടങ്ങിയ എല്ലാതരം ധാതുക്കളും ഖനനം ചെയ്യുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള കൺസന്റ് റ്റു ഓപ്പറേറ്റ്, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുമുള്ള ഡി & ഒ ലൈസൻസ്, എക്സ്പ്ലോസീവ് ലൈസൻസ് എന്നിവയും നിർബന്ധമാണ്. പാരിസ്ഥിതികാനുമതിയും മേൽ പറഞ്ഞ സ്റ്റാറ്റ്യൂട്ടറി ലൈസൻസുകളും സമ്പാദിച്ച് ക്വാറി പ്രവർത്തനം നടത്താൻ സാഹചര്യമുള്ള ക്വാറികൾ കേരളത്തിൽ കുറവാണ്. 02.12.2016 ന് മുമ്പ് കേരളത്തിൽ 2500 ഓളം ക്വാറികൾ പ്രവർത്തിച്ചിരുന്നു. പാരിസ്ഥിതികാനുമതി ഉൾപ്പെടെയുള്ള ഇത്തരം ലൈസൻസുകൾ നിർബന്ധമായ സാഹചര്യത്തിൽ ക്വാറികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. ഇതാണ് കരിങ്കല്ല് ഉൾപ്പെടെയുള്ള അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റത്തിനും ലഭ്യതകുറവിനും കാരണം.<br>അസംസ്കൃതവസ്തുക്കളുടെ വിലക്കയറ്റവും ലഭ്യതക്കുറവും കാരണം സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിൽ ആയിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്. 02.12.2016 തീയതിയിലെ ബഹു.സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുള്ളതി |

നാൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉൽപ്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും നേരിയ വില വർദ്ധന ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. നദികളിൽ നിന്നും മണൽ വാരുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയതിനാൽ നദികളിൽ നിന്നും മണൽ വാരുവാൻ കഴിയാത്ത സാഹചര്യമുണ്ടായി. കൂടാതെ, ആറ്റുമണലിന്റെ ക്ഷാമംമൂലം ഇതിനു പകരമായി കേരളത്തിലെ നിർമ്മാണ മേഖലയിൽ ഉപയോഗിച്ചു വന്നിരുന്ന കരിങ്കല്ല് പൊടിച്ച് നിർമ്മിക്കുന്ന എം.സാന്റിന്റെ ഉൽപ്പാദനവും, കരിങ്കല്ലിന്റെ ദൗർലഭ്യം മൂലം കുറഞ്ഞിട്ടുണ്ട്. 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതോടെ ഈ ആക്ടിന്റെ പരിധിയിൽപ്പെടുന്ന ഭൂമികളിൽ നിന്നും കളിമണ്ണ് ഖനനം അസാധ്യമായി. ഇതോടെ നിലവിൽ വന്ന ഡാറ്റ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽ നിന്നു മാത്രമേ കളിമൺ ഖനനം അനുവദിക്കുവാൻ സാധിക്കുകയുള്ളൂ. കളിമണ്ണിന്റെ ലഭ്യതക്കുറവ് സംസ്ഥാനത്തെ ഓട്/ ഇഷ്ടിക നിർമ്മാണ മേഖലയെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ക്വാറി ഉൽപന്നങ്ങളുടെ വില നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനും ജില്ലാ ഭരണകൂടം യോഗം വിളിച്ചുചേർത്ത് ചർച്ചകൾ നടത്തിയിരുന്നു.

(ബി) കെട്ടിട, റോഡ് നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായും കരിങ്കല്ലിന്റെയും മെറ്റലിന്റെയും ലഭ്യത വർദ്ധിപ്പിച്ച് വിലവർദ്ധനവ് തടയുന്നതിനായും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തുണ്ടായ കെട്ടിട, റോഡ്, നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായും കരിങ്കല്ലിന്റെയും മെറ്റലിന്റെയും ലഭ്യത വർദ്ധിപ്പിച്ച് വില വർദ്ധനവ് തടയുന്നതിനായും ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

1. 5-ഹെക്ടറിനു താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിസ്ഥിതിയാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യും ജില്ലാതല അപഗ്രഥന സമിതി (DEAC) യും രൂപീകരിച്ചിട്ടുണ്ട്. നിലവിൽ ജില്ലാ തല വിദഗ്ധ സമിതികൾ പുനഃസംഘടിപ്പിക്കുവാൻ 11.12.2018 ൽ ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ആയതിനാൽ നിലവിൽ ഈ സമിതികൾ പ്രവർത്തിക്കുന്നില്ല)
2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട

ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22.06.2017 ലെ സ.ഉ(പി) 25/2017/ഐ.ഡി നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുന:സ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തുകയും ചെയ്തു.
4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ചീഫ് സെക്രട്ടറി, സെക്രട്ടറി തലത്തിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.
5. പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ കളിമണ്ണ് ഖനനത്തിന് ജില്ലാ കളക്ടറിൽ നിന്നുള്ള നിരാക്ഷേപ പത്രം ആവശ്യമാണെന്ന ചട്ടം ഒഴിവാക്കി.
6. 6 മീറ്റർ വരെ ആഴത്തിൽ ലാറ്ററൈറ്റ് (ബിൽഡിംഗ് സ്റ്റോൺ) ഖനനം ചെയ്യുന്ന തിന് മൈനിങ് പ്ലാൻ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.
7. തിരഞ്ഞെടുത്ത ഡാമുകളിൽ നിന്നും മണൽ/ ചെളി എന്നിവ ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.
8. അന്യ സംസ്ഥാനത്ത് നിന്നും/വിദേശത്തുനിന്നും കരിങ്കല്ല്/ മണൽ ഇറക്കുമതി ചെയ്യുന്നതിന് വേണ്ട മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.
9. കേരളത്തിൽ സിമന്റിന്റെ വില മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതൽ ആണെന്ന പരാതിയെ തുടർന്ന് ബഹു. മുഖ്യമന്ത്രി, വ്യവസായ മന്ത്രി എന്നിവരുടെ അദ്ധ്യക്ഷതയിൽ സിമന്റ് ഉത്പാദകരുടെ യോഗം വിളിക്കുകയും സിമന്റ് വില കുറയ്ക്കണമെന്ന നിർദ്ദേശം

നൽകുകയും ചെയ്തു.

10. ക്വാറി ഉത്പന്നങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ട് എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് ക്വാറി/ ക്രഷർ ഉടമകളുടെ യോഗം വിളിച്ച് ഉചിത നടപടികൾ എടുക്കുവാൻ നിർദ്ദേശം നൽകി.
11. 09.03.2018, 21.11.2018 തീയതികളിൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം വിളിക്കുകയും ഖനനാനുമതി അനുവദിക്കുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിയമപരമായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തു.
12. 2008 ന് മുമ്പ് (നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുമ്പ്) നികത്തപ്പെട്ട ഭൂമിയിൽ നിന്ന് പരിസ്ഥിതിക്ക് കോട്ടം തട്ടാതെ കളിമണ്ണ് ശേഖരിക്കുന്നതിന്റെ സാധ്യതകൾ പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് റിമോർട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ. ഇ.സി.) -യെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഈ സ്ഥാപനം തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കെ.എസ്.ആർ.ഇ.സി.യുടെ റിപ്പോർട്ട് പ്രകാരം കളിമൺ നിക്ഷേപമുള്ള പ്രദേശങ്ങളിൽ ഖനനാനുമതി നൽകുന്നതിന് തുടർ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.
13. റോഡ് ടാറിംഗ് പ്രവർത്തികളിൽ പെട്രോളിയം അനുബന്ധ ഉൽപ്പന്നമായ ബിറ്റുമിന്റെ വിലവർദ്ധനവ് മൂലം പ്രവർത്തികൾ നടപ്പിലാക്കുന്നതിന് കരാറുകാർ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ സർക്കാരിന്റെ 13.11.2018 തീയതിയിലെ GO(Rt)No.9386/ 2018/Fin ഉത്തരവ് പ്രകാരം കരാർ ഏർപ്പെട്ട പ്രവർത്തികൾക്ക് ബിറ്റുമിന്റെ വില വ്യത്യാസം അനുവദിക്കുന്നതിന് തീരുമാനിച്ചു. ഇത് മൂലം പ്രവർത്തികൾ തടസ്സം ഇല്ലാതെ നടപ്പാക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത്.

| | |
|---|---|
| (സി) നിലവിലുള്ള മണൽ ക്ഷാമം പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ വിവിധ ഡാമുകളിൽ നിന്ന് മണൽ ശേഖരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ നീക്കം ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന തിന്റെ ഭാഗമായി ഒരു സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) 26.09.2017 തീയതിയിലെ GO(Ms)79/2017/WRD ഉത്തരവുപ്രകാരം അംഗീകരിച്ചിട്ടുണ്ട്. സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറിൽ പ്രതിപാദിച്ചിരിക്കുന്ന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡിസിൽറ്റിംഗ് നടത്തുവാൻ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, ലോവർ പെരിയാർ ഡാമിൽ നിന്നും മണലും ചെളിയും നീക്കം ചെയ്യുന്നതിന് 21.02.2011 തീയതിയിലെ സ.ഉ(കൈ)നം.46/2011/വ്യവ ഉത്തരവ് പ്രകാരം മെ.ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന് അനുമതി നൽകിയിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് 04.06.2018 തീയതിയിൽ ബഹു. മുഖ്യമന്ത്രി ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം വിളിച്ചു ചേർക്കുകയും പ്രസ്തുത യോഗത്തിൽ ലോവർ പെരിയാർ റിസർവോയറിൽ നിന്നും ശേഖരിക്കുന്ന മണൽ വിൽപന നടത്തുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ തല സമിതിയുടെ അനുമതി തേടേണ്ട ആവശ്യമില്ലെന്ന് തീരുമാനിക്കുകയും, ടി പ്രവർത്തി 'TURNKEY' പ്രോജക്ടായി കാലവിളംബം കൂടാതെ നടപ്പാക്കുന്നതിന് ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന് നിർദ്ദേശം നൽകുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ